# പടിക്കലെ മഠത്തിൽ ബലരാമൻ

അശോകൻ ചരുവിൽ



പടിക്കലെ മഠത്തിൽ ബലരാമൻ

അശോകൻ ചരുവിൽ

(കഥ)

© 2020 Author

Published by Author.

First published in 2020.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Alkoholism, a picture depicting alcoholism by J.Dncsn. The image is taken from Wikimedia Commons and is gratefully acknowledged.

# പടിക്കലെ മഠത്തിൽ ബലരാമൻ

മുപ്പതു വർഷങ്ങൾക്കു ശേഷമാണ് ഞാനെന്റെ സ്കൂൾ സഹപാഠി പടിക്കലെ മഠത്തിൽ ബലരാമനെ കാണുന്നത്. അവന്റെ വീട്ടിൽവെച്ചായിരുന്നു കൂടിക്കാഴ്ച. മറ്റൊരു സഹപാഠി ശിവരാമൻ വന്ന് നിർബ്ബന്ധിച്ചു കൂട്ടികൊണ്ടുപോയതാണ്. കണ്ടു, സംസാരിച്ചു. ഉച്ചയൂണും കഴിച്ചു. പക്ഷേ അവസാനം തെല്ലു മനസ്താപത്തോടെ തിരിച്ചുപോരേണ്ടിവന്നു. മടക്കയാത്രയിൽ ശിവരാമൻ മെല്ലെ പറഞ്ഞു: 'ബലരാമൻ പറഞ്ഞത് ശരിയാണ്. ജന്മശാപം എന്നൊന്നുണ്ട്.'

പിന്നെ അവൻ തുടർന്നു: 'നമ്മളൊന്നിച്ച് പോംപെ സെന്റ് മേരീസിൽ പഠിക്കുന്ന കാലത്ത് എന്റെ അമ്മയും അച്ഛനും ബലരാമന്റെ വീട്ടുപറമ്പിലെ പണിക്കാരായിരുന്നു. അന്ന് അവിടത്തെ സ്ത്രീകളെ ഞങ്ങൾ അമ്രാൾ എന്നാണ് വിളിച്ചിരുന്നത്.'

ബലരാമനെത്തിയ വിവരം ശിവരാമനാണ് വന്നുപറഞ്ഞത്. എല്ലാ രാമന്മാരും നാട്ടിൽ തിരിച്ചെത്തുകയാണല്ലോ എന്ന് ഞാനപ്പോളോർത്തു. നാട്ടുവിട്ട് എവിടേക്കും പോകാഞ്ഞതുകൊണ്ട് എനിക്കുമാത്രം തിരിച്ചുവരാൻ നിവൃത്തിയില്ല. ശിവരാമൻ ദേശാന്തരംകഴിഞ്ഞു വന്നിട്ട് ഇപ്പോൾ പത്തുവർഷമായി. ജ്ഞാനിയായിട്ടായിരുന്നു ആ തിരിച്ചുവരവ്. കൊൽക്കത്ത, ബെംഗളൂരു, മുംബൈ, ചെന്നൈ തുടങ്ങിയ വൻനഗരങ്ങളിൽ ചുറ്റിക്കറങ്ങി. പല തൊഴിലുകളും ചെയ്തുനോക്കി. അവസാനം കൽപ്പണിയാണ് ബോധിച്ചത്. കരിങ്കല്ലുകൊണ്ട് കെട്ടിടങ്ങളുടെ അസ്തിവാരം കെട്ടുക. അവൻ വെള്ളം പോലെ ഇംഗ്ലീഷും ഹിന്ദിയും പറയുന്നതു കേട്ട് ഞാൻ ആശ്ചര്യപ്പെട്ടു. കബീറിന്റെ ദോഹ കാണാപ്പാഠം പഠിക്കാത്തതിന് ഇവനെയാണല്ലോ പണ്ട് പൊതുവാൾ മാഷ് ക്ലാസിനു പുറത്താക്കിയതെന്നോർത്തു. അതോടെ അവന്റെ വിദ്യാഭ്യാസം നിലച്ചിരുന്നു.

'ഞാൻ നേരേ തെക്കുംപാടത്തിക്കു നടന്നു. അവിടെ അപ്പനും ചെങ്ങാത്യോളും കൊളം വറ്റിച്ച് മീൻ പിടിക്കണുണ്ടാർന്നു.'

ക്ലാസിൽനിന്നിറങ്ങിയ അന്നത്തെ യാത്രയെക്കുറിച്ച് അവൻ പറഞ്ഞു: 'നീയിനി സ്കൂളിലൊന്നും പോൺട്രാ, ഞങ്ങടെകൂടെ കൂടിക്കോന്ന് അപ്പന്റെ മേസ്തിരി കുട്ടപ്പച്ചേട്ടൻ പറഞ്ഞു.'

തമിഴ്നാട്ടിൽ മഹാബലിപുരത്ത് ശില്പികളുടെ കൂടെ കൂടിയിട്ടാണ് കൽപ്പണി പഠിച്ചതെന്ന് അവൻ പറയുന്നു. ബഡായിയാണോ എന്തോ...

ശില്പിയാകണമെന്നായിരുന്നു ആഗ്രഹം. അവിടത്തെ തൊഴുത്തിൽക്കുത്ത് കാരണം ആ ആഗ്രഹം സാധിച്ചില്ല. പക്ഷേ, കരിങ്കല്ലിന്റെ മർമം പഠിച്ചു. ഇപ്പോൾ സാമാന്യം നല്ല വരുമാനവുമുണ്ട്.

'കരിങ്കല്ലിന് ഒരു ആത്മലയമുണ്ട്. പണിക്കാരതറിയണം. അതറിഞ്ഞാൽപ്പിന്നെ പുറത്തുനിന്ന് നോക്കുന്നവർക്ക് തോന്നുന്നപോലെ വലിയ അധ്വാനമില്ല ഇതിന്. ചുറ്റികകൊണ്ടടിച്ചാൽ എവിടെ പൊട്ടണമെന്ന് നമുക്ക് തീരുമാനിക്കാൻ പറ്റും. കല്ലിനോട് കല്ലുചേർക്കുന്നേടത്താണ് വിരുത്. എത്രഭാരം മുകളിൽ വന്നാലും അടിക്കല്ല് പൊട്ടരുത്. പൊട്ടിയാൽ ചൊമരും പൊട്ടും. അതൊറപ്പാ.'

ആറേഴ വർഷങ്ങൾക്കുമുമ്പ് എന്റെ വീടിന്റെ പണി നടക്കുന്ന കാലത്താണ് ഞങ്ങൾ തമ്മിലെ സൗഹൃദം പുനരാരംഭിച്ചത്. തറപ്പണി മാത്രമല്ല, തുടർന്നുള്ള എല്ലാ ഘട്ടത്തിലും അവന്റെ മേൽനോട്ടമുണ്ടായിരുന്നു. കോൺക്രീറ്റ് ചെയ്യുന്ന ദിവസങ്ങളിലെ അവന്റെ സാന്നിധ്യം വലിയ ഉപകാരമായി. കുഴിത്തുറൈ തമിഴരായിരുന്നു പണിക്കാർ. ശിവരാമന്റെ മദിരാശിത്തമിഴ് കേട്ട് അവർ വിരണ്ടു. പണിക്കാർക്ക് വിളമ്പാനുള്ള മദ്യവും പൊറോട്ടയും ബീഫും അവനാണ് കൊണ്ടുവന്നത്. മദ്യക്കുപ്പികൾ മുന്നിൽ വെച്ചുകൊടുത്ത് തമിഴരെ അവൻ ശാസിച്ചു:

'യോ ഏന്തുരാസാ. നീയോം നാനോം വേല ചെയ്യുറവിങ്ക. നീ കുടിപ്പേ, നാനോം കുടിപ്പേ. ആനാ, നമ്പ കള്ളുപ്പാന ഉള്ളേ വിളുന്ത പൂച്ചി ഇല്ല. കുടിക്കാക കുടിക്കുടാതു മച്ചാ. ഇന്ത ഒടമ്പ് നാളിക്കും നമുക്ക് വേണംയാ. കുടിച്ചു കുടിച്ചു

ഈറൽ പുളുത്തു പടുത്തുക്കെടന്താ എവൻ കാപ്പാത്തുണ്ടാ നമ്പള്? നീ സൊല്ലു ഡാ...'

'നമ്മുടെ കരിക്കംശം അധികാരി വന്നിട്ടുണ്ട്' എന്നുപറഞ്ഞാണ് ശിവരാമൻ കാലത്ത് വീട്ടിലേക്ക് കയറിവന്നത്. എനിക്കു മനസിലായി, അത് ബലരാമന്റെ ക്ലാസിലെ കുറ്റപ്പേരായിരുന്നു. അന്നവന്റെ മുഖം കരിക്കുപോലെ ഉരുണ്ടതായിരുന്നുവെന്നാണ്.

'വരട്ടെ, നമുക്കെന്ത്?', ഞാൻ പറഞ്ഞു.

ശിവരാമൻ ഇറയത്തിന്റെ തിണ്ണയിൽ കയറി ചുമരിൽ ചാരി ഇരുന്നു. ആൾ ക്ഷീണിതനാണ്. കുറെക്കാലമായി പണിയില്ല. മാത്രമല്ല, ലോക്ഡൗണിന്റെ ഭാഗമായി ബാറുകളും ബീവറേജ് ഔട്ട്ലെറ്റുകളും അടച്ചിട്ടിരിക്കുകയാണല്ലോ. അത്ര കടുത്ത മദ്യാസക്തനല്ല ശിവരാമൻ. പക്ഷേ വൈകിട്ട് രണ്ടു പെഗ്ഗെങ്കിലും കഴിച്ചില്ലെങ്കിൽ വലിയ വിഷമമാണ്. ഒരുദിവസം നഷ്ടപ്പെട്ടു എന്ന തോന്നലാണത്രെ. കുറ്റബോധം എന്ന വാക്കുകൊണ്ടാണ് അവനതിനെ വിശേഷിപ്പിക്കുക.

'ഒരു മാസായിട്ട് കുറ്റബോധം ഭീകരാവസ്ഥയിലാണ്. ഇരിക്കപ്പൊറുതിയില്ല. ഇന്നുതൊറക്കും, നാളെത്തൊറക്കും എന്നു വിചാരിക്കും. ഇനീപ്പോ എന്നാന്ന്ച്ചട്ടാണ്? തൊറന്നാൽത്തന്നെ കമ്പ്യൂട്ടറിൽ കേറി പാസെടുത്താലേ സംഭവം കിട്ടുന്നാ. ഇനീപ്പോ കമ്പ്യൂട്ടറ്വായിട്ട് ഒരു യുദ്ധത്തിന് ബാല്യണ്ടോ നമ്മക്ക്? ഒരു മാസം മുമ്പ് സേനൻ സാറിന്റെ വീട്ടിൽപ്പോയി ഒരു പകലന്തി കുത്തിരുന്നിട്ടാ ഒരു ഒന്നര പെഗ്ഗ് മിലിട്ടറി കിട്ടീത്.

അതിനുവേണ്ടി അങ്ങേരുടെ തള്ള് മുഴ്‌വേനും കേക്കണ്ടിവന്നു.'

മദ്യം എന്ന പ്രശ്നം തന്നെയാണ് ബലരാമന്റെ ആഗമനവാർത്തയിലൂടെ ശിവരാമൻ സൂചിപ്പിച്ചത്.

'എല്ലാവിധ ഐറ്റോം കൊണ്ടാണ് മൂപ്പര് വന്നേടുക്കണ്. ജിന്ന്, റമ്മ്, വിസ്കി. കാലത്തെണിക്യാ. ഓരോന്നെടുത്തങ്ങനെ വീശ്വാ. വഴീക്കൂടെ പോണോരുക്കും വിളിച്ച് കൊടുക്കണ്ണ്ട് ഓരോ പെഗ്ഗ്. കുന്നത്തെ മേസ്തിരിക്ക് ഫ്രാൻസിലിണ്ടാക്ക്യ വോഡ്ക്ക്യാ കിട്ടീത്. ഒരുദിവസം മുഴുവൻ നിന്നൂത്രേ അതിന്റെ കമ്പം. മഠത്തിലെ കാലൊടിഞ്ഞ ചാരുകസേര നന്നാക്കാനാണ് മേസ്തിരീനെ വിളിച്ചുവരുത്ത്യേത്. അത് ഉമ്മറത്തിട്ട് കാലും നീട്ടിവെച്ച് മൂപ്പരുക്ക് ഒന്ന് കെടക്കണത്രെ.'

ഞാൻ ചിരിച്ചു. എന്നെ നോക്കി ശിവരാമൻ ചോദിച്ചു: 'നമ്മക്കൊന്നു പോയാലോ?'

ഞാൻ പറഞ്ഞു: 'ഞാനില്ല ശിവരാമാ. ഞങ്ങൾ തമ്മില് ഇപ്പൊ അങ്ങനെയൊരു ബന്ധമില്ല.'

'അതുപ്പൊ ബന്ധല്യാത്തത് അങ്ങോരിവടെ ഇല്യാത്തോണ്ടല്ലേ? നമ്മൾ തമ്മിലും ബന്ധണ്ടാർന്നില്ലല്ലോ. പിന്നെ ഒരവസരം വന്നപ്പോ വീണ്ടും അടുത്തു. മനുഷ്യബന്ധങ്ങള് അങ്ങന്യാ. അത് എടയ്ക്ക് മുറിയും പിന്നെ ചേരും.'

അവൻ പറഞ്ഞു: 'നമ്മളവടെ ചെന്നട്ട് ലിക്കറിന്റെ കാര്യൊന്നും പറയണ്ട. അത് അതിന്റെ ലയം പോലെ വരും. പത്തുപതിനഞ്ച് കൊല്ലായി അദ്ദേഹം നാട്ടിൽ വന്നിട്ട്. വന്നൂന്നറിഞ്ഞു. അപ്പൊ ഒന്നു കാണണംന്ന്

തോന്നി. എന്തൊക്കെ കാര്യങ്ങള് ഓർമിക്കാനും പറയാനുംണ്ട്. രാഷ്ട്രീയത്തിന്റെ പേരില് ഇവിടെ കൊറേ നടന്നതല്ലേ നിങ്ങള് രണ്ടാളും. വർത്താനത്തിന്റേടേല് ലിക്കറ് വരും, അതൊറപ്പാ. വന്നില്ലെങ്കില് ഈ ശിവരാമൻ മന്ത്രംചൊല്ലി അതു വരുത്തും. നിങ്ങള് കുപ്പായമെടുത്തിട്ടെറങ്ങ്.

ഞാൻ വഴങ്ങി. അടുത്താണെങ്കിലും പടിക്കലെ മഠത്തിലേക്കുള്ള ഇടവഴിയിലൂടെ നടന്നിട്ട് കാലം കുറച്ചായി. വഴിയിപ്പോൾ ടാർചെയ്തിട്ടുണ്ട്. പഴയ വേലികൾ പോയി മതിലുകൾ വന്നു. സാമാന്യം ഭേദപ്പെട്ട വീടുകളാണ് വഴിവക്കത്തുള്ളത്. മനപ്പറമ്പ് കഴിഞ്ഞുണ്ടായിരുന്ന വയൽ നികന്ന് ഇരുവശത്തുമായി ഒരു കോളനി രൂപപ്പെട്ടിരിക്കുന്നു. അടുക്കിവെച്ചപോലെ ചെറിയ വീടുകൾ. രണ്ടുമൂന്നു പീടികമുറികളും ഒരു അങ്കണവാടിയും അവിടെയുണ്ട്. ആളുകൾ ആകാംക്ഷയോടെ നോക്കി. എവിടന്നൊക്കെയോ വന്നു കുടിയേറിയ അപരിചിതരാണ്. പടിക്കലെപ്പറമ്പ് പതിവുപോലെ വിജനമായിക്കണ്ടു. നാലഞ്ചേക്കർ വരും അത്. ചറ്റുപാടുമുള്ള മരങ്ങൾ ക്രമം വിട്ടു വളർന്നതുകൊണ്ട് മഠം മാളിക വഴിയിൽനിന്നു കാണാൻ ഇപ്പോൾ ബുദ്ധിമുട്ടുണ്ട്. പടിപ്പുരയുടെ മുകളിലേക്ക് ചാഞ്ഞുവീണ മുരിങ്ങമരം വെട്ടിമാറ്റാതെകിടക്കുന്നു. മാളികയിലേക്ക് നീളുന്ന വഴിത്താര ആൾനടപ്പ് കുറഞ്ഞതുകൊണ്ട് പുല്ലുപിടിച്ചു.

നാലുകെട്ടും പൂമുഖവുമുള്ള ഈ ഇരുനില മാളിക ഒരുകാലത്ത് ഞങ്ങളുടെ പുളിക്കടവിന്റെ ഭരണസിരാകേന്ദ്രമായിരുന്നു. ജന്മിഗൃഹം.

രാജഭരണകാലത്ത് വില്ലേജ് അധികാരികളായിരുന്നു ഇവിടത്തെ കാരണവന്മാർ. ഞങ്ങളുടെ ആധാരങ്ങളിൽ പടിക്കലെ മഠം വക എന്നാണെഴുതിയിരുന്നത്. എന്റെ ഓർമ്മ തുടങ്ങുന്ന കാലത്ത് ജന്മിത്തം അവസാനിച്ചിരുന്നു. പ്രതാപം നിലനിന്നിരുന്നു. ഒരുപാടുപേർ അന്നിവിടെ താമസിച്ചിരുന്നു.

മുൻപ് ഒരിക്കൽ മാത്രമേ ഞാനിവിടെ വന്നിട്ടുള്ളു. സ്കൂളിൽ നിന്ന് ബലരാമന്റെ കൂടെ പോയതാണ്. അവൻ അകത്തേക്ക് കയറിയപ്പോൾ ഞാൻ ഇറയത്തോടുചേർന്ന് മുറ്റത്ത് നിന്നു. ഇറയത്തിന്റെ തിണ്ണയിൽ അറിയാതെ കൈവെച്ചിട്ടുണ്ടാവണം. അന്ന് പൂമുഖത്തെ ചാരുകസേരയിൽ ബലരാമന്റെ ഒരമ്മാവൻ കിടന്നിരുന്നു. അദ്ദേഹം തൃക്കുരുള്ള ഭാര്യാഗൃഹത്തിലാണ് സ്ഥിരതാമസം. ഇവിടത്തെ പൈക്കണ്ണിക്കാവിൽ പടിക്കൽ കാരണവന്മാർക്ക് ചില അടിയന്തിരങ്ങളുണ്ട്. അതു നിർവഹിക്കാനായി വന്നതാണ്. തീരെ മെലിഞ്ഞ് വിളറിയ ശരീരം. ദുർബലമായ ഒച്ച. അദ്ദേഹം അസ്വസ്ഥതയോടെ എന്നെ നോക്കി. എന്നിട്ടു പറഞ്ഞു: ‘അയിത്താക്കാണ്ട് കൊറച്ച് അകന്ന് നിൽക്കു. പൈക്കണ്ണിക്കാവില് കൊടികേറീരിക്കണ കാലാ. അല്ലെങ്കില് ഞാൻ ഇതു പറയില്ല.’

പിന്നീട് ഞാനവിടെ പോയിട്ടില്ല. ആ പരിസരത്തുകൂടി സഞ്ചരിക്കുന്നതുപോലും വെറുപ്പുള്ള സംഗതിയായി തോന്നി. ഒന്നിച്ച് ഒരേ ക്ലാസിൽ പഠിച്ചിരുന്നുവെങ്കിലും ഞാനും ബലരാമനും സുഹൃത്തുക്കളായിരുന്നു എന്നു പറഞ്ഞുകൂടാ. തമ്മിൽ കാണുമ്പോൾ എന്തെങ്കിലും സംസാരിക്കും, അത്രമാത്രം. ഞങ്ങളുടെ

കുടുംബങ്ങൾതമ്മിലും ചില സംഘർഷങ്ങളുണ്ടായിരുന്നുവെന്നു കേട്ടിട്ടുണ്ട്. അത് പണ്ടിവിടെ ബോധാനന്ദസ്വാമികൾ ഉണ്ടായിരുന്ന കാലത്താണ്. തേവരുടെ പൂരംവരവുമായി ബന്ധപ്പെട്ട് ചെറക്കലങ്ങാടിയിൽ ഒരു സംഘർഷമുണ്ടായി. അതിൽ രണ്ടു കുടുംബങ്ങളിലെയും കാരണവന്മാർ ഇരുഭാഗങ്ങളിലാണ് നിലയുറപ്പിച്ചതെന്ന് ചരിത്രം. പിന്നെ കേസും കൂട്ടവും ചില ജന്മി-കുടിയാൻ വഴക്കുകളും. പിന്നീട് ബലരാമന്റെ ഒരമ്മാവൻ വില്ലേജ് കച്ചേരിയിൽ കോൽക്കാരനായിരുന്നു. കുടുമ വെച്ച അദ്ദേഹത്തെ കണ്ട ഓർമ എനിക്കുണ്ട്. താഴ്ന്ന നിലയിലെ ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും അദ്ദേഹം നാട്ടുപ്രമാണിയായിരുന്നു. വില്ലേജ് കച്ചേരി ഭരിച്ചിരുന്നതും അദ്ദേഹമാണ്. അന്ന് പുളിക്കടവിലെ ഒരുമാതിരി സിവിൽ തർക്കങ്ങളെല്ലാം ഈ മുറ്റത്തുവെച്ചാണ് തീർത്തിരുന്നത്.

കോളേജ് വിദ്യാഭ്യാസം കഴിഞ്ഞുള്ള ചെറിയൊരിടവേളയിൽ മാത്രമായിരുന്നു ഞാനും ബലരാമനും തമ്മിൽ സമ്പർക്കമുണ്ടായത്. നാട്ടിലെ രാഷ്ട്രീയത്തിൽ ഞങ്ങൾ ഒത്തുകൂടി. ബലരാമൻ കോഴിക്കോട്ടുചെന്നാണ് കോളേജിൽ പഠിച്ചത്, അവിടുത്തെ ഒരു ബന്ധുവീട്ടിൽ താമസിച്ച്. കോഴിക്കോട്ടെ ജീവിതം അവനിൽ വലിയ മാറ്റമുണ്ടാക്കി. ആൾ എസ്.എഫ്.ഐ. പ്രവർത്തകനായി. കോളേജ് യൂണിയന്റെ മാഗസിൻ എഡിറ്ററും യൂണിവേഴ്സിറ്റിയിൽ കൗൺസിലറുമൊക്കെ ആയിട്ടുണ്ട്. ഒരിക്കൽ അവന്റെ പടം പത്രത്തിൽ കണ്ട് ശിവരാമൻ വന്ന് ചോദിച്ചു: ‘നമ്മടെ കരിക്കധികാരീന്റ്യല്ലേ ഈ കാണണേ?’

കോളേജുവിട്ട് നാട്ടിൽ വന്നപ്പോൾ അവൻ ഇവിടത്തെ പാർട്ടിയുമായി ബന്ധപ്പെട്ടു. യൂത്ത് ഫെഡറേഷനിലാണ് ഞങ്ങളൊന്നിച്ചത്. അത് എൺപതുകളുടെ ഇടക്കാണ്. യൂത്ത് മൂവ്മെന്റ് അന്ന് വളരെ സജീവമായിരുന്നു. എന്നും പൊതുയോഗങ്ങളും പ്രക്ഷോഭങ്ങളും. പ്രചാരണത്തിനായുള്ള നീണ്ട കാൽനടജാഥകൾ. തെരുവുനാടകങ്ങളും കവിയരങ്ങുകളുമുണ്ടായിരുന്നു. പക്ഷേ, കഴിച്ച് ആറുമാസം മാത്രമേ ബലരാമന് നാട്ടിൽ നിൽക്കാൻ കഴിഞ്ഞുള്ളൂ. റിസർച്ചിനുള്ള അഡ്മിഷൻ കിട്ടി അവൻ കോഴിക്കോട്ടേക്കുതന്നെ തിരിച്ചുപോയി.

പിന്നീടൊരിക്കൽ അവൻ നാട്ടിൽ വന്നപ്പോൾ കണ്ടു. അവന് പാർട്ടിയുടെ ഒരു ശുപാർശക്കത്ത് വേണമായിരുന്നു. അന്ന് കുന്നുമ്മൽ കറപ്പൻമാഷ് എന്ന സഖാവാണ് ഇവടത്തെ ലോക്കൽ സെക്രട്ടറി. ഞാനും ബലരാമനും ഒന്നിച്ചുപോയി കണ്ടാണ് അദ്ദേഹത്തിന്റെ പക്കൽ നിന്ന് കത്തു വാങ്ങിച്ചത്.

പിന്നെ കണ്ടിട്ടില്ല. ഇതിനിടയ്ക്ക് അവൻ കോഴിക്കോട്ടുനിന്ന് ഹൈദരാബാദിലേക്കു മാറിയിരുന്നു. ലണ്ടനിലോ അമേരിക്കയിലോ പോയി ഗവേഷണം പൂർത്തിയാക്കി. വിവാഹം കഴിഞ്ഞു. മംഗലാപുരത്തുനിന്നുള്ള ക്രിസ്ത്യൻ സ്ത്രീയാണെന്ന് ശിവരാമൻ പറഞ്ഞു. പിന്നീട് നാട്ടിലെത്തിയതിന്റെ വിവരമില്ല.

'ഇവിടെ ഇപ്പൊ ആ സാധുസ്ത്രീ കനകാംബരം മാത്രേ ഉള്ളൂ. അതിന് പ്രായായി. ശ്വാസത്തിന്റെ ബുദ്ധിമുട്ടുണ്ട്. അരപ്രാണനായി ഒറ്റയ്ക്ക് ജീവിക്കുന്നു. ഓരോ ഭാഗങ്ങളായിട്ട് പൊളിഞ്ഞ് കെടക്കണ വീട്. പറമ്പാണെങ്കിൽ വനമാണ്. മൂർക്കനും കീരീം മൊയലും

കുറുക്കനുംണ്ട്. കൊത്തിക്കെളേം നനേം ഇല്ലാണ്ടായപ്പൊ തെങ്ങും കവുങ്ങും മുഴുവൻ നശിച്ചു. പറമ്പ് വിക്കാൻ പറ്റാണ്ട് ഇട്ടിരിക്ക്യാ. നൂറ് അവകാശികള്ണ്ടത്രെ. എല്ലാവരുംകൂടി ഒത്തുവരണ്ടെ? ആര്ക്കാ നേരം? ഒരാള് അമേരിക്കേലാന്ന്ച്ചാ ഒരാള് റഷ്യേലാ. ചെലോരുക്ക് കേരളണ്ട്ന്നും അവടൊരു പുളിക്കടവുണ്ട്ന്നും നിശ്ചയല്യ. തലമുറകള് ഇങ്ങനെ മാറിവരുവല്ലേ...'

ഞങ്ങൾ കടന്നുചെല്ലുമ്പോൾ ഉച്ചവെയിൽ മൂത്തിരുന്നു. ശിവരാമൻ പറഞ്ഞു: 'കുന്നത്തെ മേസ്തിരി ചാരുകസേര ശര്യാക്കിക്കൊടുത്തട്ടുണ്ട്. അതുമ്മല് തന്ന്യാണ് കെടത്തം.'

മരംകൊണ്ട് അഴിയടിച്ചുണ്ടാക്കിയ ചാരുകസേരയാണ്. കാലുകൾ നീട്ടിവെക്കാൻ സൗകര്യമുണ്ട്. അതിന്മേൽ നീണ്ടുനിവർന്നു കിടക്കുകയാണ് ബലരാമൻ. നല്ല ഉറക്കമാണെന്ന് തോന്നുന്നു. കൂർക്കംവലിക്കുന്നുണ്ട്. അടുത്ത് തിണ്ണയിൽ പാതിയൊഴിഞ്ഞ മദ്യക്കുപ്പിയും ഗ്ലാസുകളും ഇരിപ്പുണ്ട്.

ഞങ്ങൾ തെല്ലുനേരം മുറ്റത്തുതന്നെ നിന്നു. ആൾ കണ്ടാലറിയാത്തവണ്ണം മാറിയിരിക്കുന്നു. ആകെ മെലിഞ്ഞിട്ടുണ്ട്. ടീഷർട്ടിനു പുറത്തുകണ്ട കൈകൾ കമ്പുപോലെയായിരുന്നു. വയർ മാത്രം വീർത്തുനിൽക്കുന്നുണ്ട്. കൂർക്കം വലിക്കുന്നതിനൊപ്പം അത് ഉയരുകയും താഴുകയും ചെയ്യുന്നു. തലയിൽ കുറച്ച് മുടിയുള്ളതിനാൽ എന്നോ കളർ ചെയ്തതിന്റെ അവശിഷ്ടങ്ങൾ. തെല്ലുവളർന്ന താടി നരച്ചിരിക്കുന്നു.

ആളനക്കം കേട്ട് ബലരാമൻ ഉണർന്നു. ഞങ്ങളെക്കണ്ട് തിരിച്ചറിയുന്നതിനുമുമ്പ് ഉറക്കബാക്കിയിൽ അവൻ ആ

ജ്ഞാപിച്ചു: 'അപ്രത്തെ മിറ്റത്ത് ചൂന്യേൻമെളക് നിക്കണ്ണ്ണ്ട്. അതീന്ന് കൊറച്ച് പൊട്ടിച്ച് കൊണ്ടരവാ. വായ്ക്ക് ഒരു രുചീല്ല.'

ശിവരാമൻ പിന്നാമ്പുറത്തേക്കു നടന്നു. ബലരാമൻ ഒരു ബീഡിയെടുത്തു ചുണ്ടത്തു വെച്ചു. എന്നിട്ടു പറഞ്ഞു: 'ഇന്നലെ കുന്നത്തെ മേസ്തിരി കൊണ്ടന്ന് തന്നതാണ്. തീപ്പെട്ടിയില്ല. ഒരു ബീഡി വലിച്ചിട്ട് കാലെത്ര്യായി.'

ആ സമയത്താണ് ബലരാമൻ എന്നെ തിരിച്ചറിയുന്നത്. ആദ്യം അവൻ പൊട്ടിച്ചിരിച്ചു: 'അല്ല, ആരാ ഈ നിക്കണേ, കൾച്ചറൽ കമ്മിസാറല്ലേ ഇത്... എന്താ ഇങ്ങനെ മിറ്റത്ത് നിക്കണേ? കേറി ഇരിക്ക്യാ. ഇപ്പൊ ഇവടെ തീണ്ട്ലും തൊടീലും ഒന്നൂല്യാ. ഞങ്ങൾ ജന്മികൾടെ കൊമ്പും തുമ്പിക്കയ്യും ഒക്കെ പോയില്ലേ...'

ഞാൻ ചവിട്ടുകൾ കയറി തിണ്ണമേലിരുന്നു. ബലരാമന്റെ രൂപവും ഭാവവും സത്യത്തിൽ എന്നെ വേദനിപ്പിച്ചിരുന്നു. പല്ലുകൾ ചിലത് നഷ്ടപ്പെട്ടതുകൊണ്ട് സംസാരരീതി മാറി. കണ്ണുകൾ ചോന്നുകലങ്ങി മുന്നോട്ടുന്തിനിൽക്കുകയാണ്. എന്നോട് വീണ്ടും ചോദിച്ചു: 'എങ്ങനേണ്ട് സഖാവേ ഇപ്പോൾ വിപ്ലവരാഷ്ട്രീയം? ഒരു തീപ്പെട്ടിയുണ്ടോ, ബീഡി കത്തിക്കാൻ?(ചിരി) എന്നോട്ട പറയാൻ മടിക്കണ്ട. എന്റെ ഈ നെഞ്ചുണ്ടല്ലോ, അതിനകത്ത് ഇപ്പഴും അന്നത്തെ ആ പഴയ ആവേശം തിരയടിയ്ക്കാണ്. കാണണോ?'

ബലരാമൻ ഇരുന്നയിരുപ്പിൽത്തന്നെ മുഷ്ടിചുരുട്ടിയുയർത്തി ആകാവുന്ന ഉച്ചത്തിൽ വിളിച്ചു: 'ഈൻക്വിലാബ് സിന്ദാബാദ്, തൊഴിലാളിവർഗ്ഗം സിന്ദാബാദ്. ജന്മിത്തം തുലയട്ടെ.'

അവൻ കിതച്ചു. പിന്നെ ചുമയ്ക്കാൻ തുടങ്ങി. ആ സമയത്താണ് ശിവരാമൻ പറിച്ചെടുത്ത പച്ചമുളകുമായി എത്തിയത്. ചുമച്ചുപതറിയ ഒച്ചയിൽ ബലരാമൻ അവനോടു പറഞ്ഞു: 'ഇനീപ്പൊ തന്നെ നെലവെളക്കും താലോം വെച്ച് സ്വീകരിക്കണോ? കേറിവന്ന് ഇരിക്കെടോ.'

ഞാൻ കുശലാന്വേഷണം നടത്തി: 'ബലരാമൻ ഇപ്പഴും ഹൈദരാബാദിലാണോ?'

'ഓ, എന്റെ കാര്യം വിട് സഖാവേ; ഞാനൊരു സവർണ്ണജന്മി ദുഷ്പ്രഭു. ജനദ്രോഹി. ജീവിക്കാൻ അവകാശല്യാത്ത വിഭാഗം. ഒന്നും മിണ്ടാണ്ട്, ആരും അറിയാണ്ട്, അങ്ങനെ ജീവിച്ചുപോണു. അറിയ്യോ, പന്ത്രണ്ടുകൊല്ലം മുമ്പാണ് ഞാൻ അവസാനം നാട്ടില് വന്നത്. ഹൈദരാബാദ് ലോകത്തിന്റെ അപ്രത്തൊന്നും അല്ലല്ലോ. ഒരു വണ്ടിപിടിച്ച് ഇങ്ങട്ട് വരാൻ പറ്റണതേള്ളൂ. പക്ഷേ, വന്നില്ല. ഇനി ഞാൻ വന്നട്ട് ഇവടത്തെ വിപ്ലവകേരളത്തിന് കളങ്കണ്ടാവണ്ട. ദേ, ഇപ്പൊ ഒന്നു വന്നു. അവസാനത്തെ വരവാ ഇത്. ഇന്യതുണ്ടാവില്ല.'

ഞങ്ങളെ അമ്പരപ്പിച്ചുകൊണ്ട് അവൻ കരഞ്ഞു. എന്നുവെച്ചാൽ, മുഖംകോട്ടി ഏങ്ങലടിച്ചുകരഞ്ഞു. ആ കരച്ചിൽ കേട്ടാവണം കനകാംബരം എന്ന വൃദ്ധസ്ത്രീ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. തീരെ അവശയാണവർ. ഞാൻ എഴുന്നേറ്റ് വണങ്ങിയെങ്കിലും അവർ അതിനോടൊന്നും പ്രതികരിച്ചില്ല. നിർവികാരമായ മുഖത്തോടെ എങ്ങോട്ടോ നോക്കിനിൽക്കയാണ്. പിന്നെ തെല്ലു വിഷമത്തോടെ പറഞ്ഞു: 'ഈ കള്ളുകുടീം കരച്ചിലും മാത്രേള്ളൂ. വേറൊന്നും ഇല്ല.'

എനിക്ക് മനസിലായില്ല. ബലരാമൻ കരച്ചിൽ നിർത്തി പൊട്ടിച്ചിരിച്ചു. അവൻ കുപ്പിയിൽ നിന്ന് മദ്യം പകർന്ന് കുടിച്ചു. പച്ചമുളക് ഒന്നു കടിച്ചു: 'ഹൊ, ഈ ചൂന്ന്യേൻ മൊളകിന്റെ ഒരു എരു!'

കനകാംബരം പറഞ്ഞു: 'ഇവടെ വരണോരോടും പോണോരോടും ഞാൻ പറയലുണ്ട്. ഒരാഴ്ചയായി ഇവൻ അന്നത്തിന്റെ ഒരു വറ്റ് കഴിച്ചട്ട്. ഞാൻ എല്ലാ ദെവസോം ഭക്ഷണണ്ടാക്കും. ഉണ്ണാൻ വിളിച്ചാല് വരാം വരാം എന്ന് പറയും. വരുല്യ കഴിക്കുല്യ. ഇങ്ങനെ സേവിച്ചോണ്ടിരിക്കും. പച്ചമൊളക്, അച്ചാറ്. അതിലപ്പുറം ഇല്ല. എന്താവും സ്ഥിതി? ഇതുകണ്ട് മനസ്സുരുകാൻ ഞാൻ എന്തു കുറ്റാ ചെയ്യേട്ടുക്കണെ? രക്തബന്ധണ്ടങ്കെൽ മനസ്സുനീറും. എന്റെ ചെറ്യമ്മേരെ മോനാ ഇവൻ. ഞങ്ങളൊന്നിച്ചാ കളിച്ച് വളർന്നത്. ഇനിക്ക് ഇപ്പൊ വേറെ ആരുല്യ.'

അവർ നിശ്ശബ്ദയായി കുറച്ചുസമയം നിന്നു. 'നിങ്ങൾക്ക് നിശ്ചയണ്ടോന്നറിയില്ല. എന്തോരം ആൾക്കാര്ണ്ടാർന്ന വീടാ ഇത്. ഉമ്മറത്ത് അമ്മാമൻമാര്. മുറികളിലൊക്കെ സംബന്ധക്കാര്. അന്ന് അടുക്കളേല് വെപ്പപണിക്ക് ഒരു സ്വാമിണ്ടാർന്നു. പറമ്പു നെറച്ച് പെലേര്. തൊഴുത്തു നെറച്ച് പശുക്കള്. ഇപ്പൊ എല്ലാവരും പോയി. ഞാൻ മാത്രം ബാക്കിയായി. ഒരാളും എന്നെ വിളിക്കണ്വേല്യ, അന്വേഷിക്കണ്വേല്യ. ഞാൻ എങ്കട്ടും പൂവ്വാറില്ല. എന്തെങ്കിലും വെച്ചുണ്ടാക്കി കഴിച്ച് ഒരെടത്ത് കെടക്കും. കാലം കഴീണവരെ ജീവിക്കാണ്ട് നിവർത്തില്ലല്ലോ. അതിന്റെ എടേലിക്ക്യാ ഇയാൾടെ വരവ്. വന്നുകേറീപ്പോ എന്നോട്ട പറഞ്ഞു: 'കുഞ്ഞേച്ച്യേ, ഞാൻ ഇനി

എവടെക്കും പോണില്ല. ഇവടെത്തന്നേണ്ടാവും.'
അതുകേട്ട് ഞാൻ എന്തുമാത്രം സന്തോഷിച്ചു! ഇപ്പൊ ഇങ്ങന്യാ സ്ഥിതി. സ്വന്തം പെണ്ണും കുട്ടികളുമായിട്ട് എന്തെങ്കിലുംണ്ട്ന്നച്ചാ കുടിച്ച് മരിക്ക്യാ വേണ്ടത്? ഞാനപ്പൊ ഒരു കാര്യം തീരുമാനിച്ചു. ഇവൻ കഴിക്കണില്ലെങ്കില് ഞാനും കഴിക്കണില്ല. ഒരുമിച്ച് പട്ടിണികെടന്ന് ചാവാലോ! ഇന്ന് ഇത്രനേരായിട്ടും ഇവടെ അടുപ്പ് കൂട്ടീട്ടില്ല.'

ആ സംസാരം നിറുത്തണമെന്ന് ബലരാമൻ ആഗ്രഹിച്ചതായി തോന്നുന്നു. അവൻ പറഞ്ഞു: 'കുഞ്ഞേച്ചി ഇന്ന് ഭക്ഷണണ്ടാക്കിക്കോളൂ. ഞാൻ കഴിക്കാം. എന്റെ ആത്മാർഥ സ്നേഹിതന്മാരാ ഈ വന്നേക്കണ്. സെന്റ് മേരീസില് ഞങ്ങള് ഒരു ക്ലാസിലിരുന്നാ പഠിച്ചത്. ഇവരടെ ഒപ്പം ഇരുന്ന് ഇനിക്ക് ഉണ്ണണം. കുഞ്ഞേച്ചി പോയി അടുപ്പ് കത്തിച്ചോളൂ.'

അവർ ബോധ്യംവരാതെ കുറച്ചുസമയം നിന്നു. പിന്നെ അകത്തേക്കു പോയി.

'പാവം,' ബലരാമൻ ചിരിച്ചുകൊണ്ടു പറഞ്ഞു:

'ഈ പ്രേതകുടീരത്തിന്റെ കാവൽമാലാഖയാണ്.'

അതിനിടെ ഒരു ഗ്ലാസിൽ മദ്യം പകർന്ന് ശിവരാമന് നൽകിയിരുന്നു. ബലരാമൻ എന്നോടു പറഞ്ഞു: 'നമ്മുടെ ദളിത് സഖാവ് കഴിക്കട്ടെ, അയാൾക്കതിനുള്ള അവകാശണ്ട്, താൻ കഴിക്കില്ലല്ലോ?'

'കേരളത്തിലെ സഖാക്കൾ സ്വന്തം നാട്ടിൽവെച്ച് പകൽവെളിച്ചത്തിൽ മദ്യം കഴിക്കാൻ പാടില്ലാന്ന്

മാനിഫെസ്റ്റോല് മാർക്സ് പ്രത്യേകം എഴുതിവെച്ചിട്ടുണ്ടല്ലോ,' ബലരാമൻ പൊട്ടിച്ചിരിച്ചു.

'ഡോ, ഈ ഞാനുണ്ടല്ലോ. ഒരിക്കെ കുടിച്ച് ഫിറ്റായിട്ട് കോഴിക്കോട്ടെ ഡി.സി. ആപ്പീസില് പോയി ഛർദിച്ചിട്ടുണ്ട്, അറിയ്യോ? അന്നുണ്ടായ പുകിലൊന്നും പറയണ്ട. ഞാൻ പിന്നെ ലോകം മുഴുവൻ ചുറ്റിക്കറങ്ങി. രാജകുടുംബാംഗങ്ങൾ, പുരോഹിതർ, ഒളിപ്പോരാളികൾ, മാവോയിസ്റ്റുകൾ, കവികൾ, ഹിജഡകൾ, ചിത്രകാരന്മാർ, വേശ്യകൾ, കുട്ടിക്കൊട്ടപ്പുകാർ. എല്ലാർക്കും ഒപ്പം എടപഴകി. എന്നാൽ ഈ കേരളത്തിലെ കമ്യൂണിസ്റ്റുകൾടെ മാതിരി ഒരു വിചിത്ര മനുഷ്യരെ വേറെ കണ്ടിട്ടില്ല.'

'നമ്മള് രണ്ടാളും ഇവടെ പ്രവർത്തിച്ച കാലണ്ടല്ലോ. നയൻറീൻ എയ്റ്റി ഫൈവ്, ഓർ സിക്സ്. അതുമാതിരി ഒരു പ്രവർത്തനം അതിനു മുമ്പും പിമ്പും ഈ പുളിക്കടവിലിണ്ടായിട്ടുണ്ടാവില്ല. കാലത്ത് കാപ്പീം പലഹാരോം കഴിച്ചാപ്പിന്നെ അങ്ങട് എറങ്ങ്വല്ലേ... രാത്രി എപ്പഴാ വീട്ടില് വര്വാ, തെക്കുംപാടത്തെ ചേറിൽ കാലു മുങ്ങീട്ട് നമ്മള് കണ്ടോരൻ തുരുത്തിലിക്ക് പോയത് ഓർമ്മണ്ടോ? അവടത്തെ പാർട്ടി ഗ്രൂപ്പിന് ഞാൻ സ്റ്റഡീക്ലാസ് കൊടുത്തു. ഒക്കെ വായേം പൊളിച്ച് ഇരിക്ക്യാ. ക്ലാസ് വാർ എന്നൊരു സംഭവം അവര് അതിനുമുമ്പ് കേട്ടിട്ടില്ല. കുന്നുമ്മൽ കറപ്പൻ മാർക്സല്ലേ ലോക്കൽ ആചാര്യൻ? ഐ തിങ്ക് ഹി നെവർ സ്റ്റഡീഡ് ബിയോണ്ട് പ്രൈമറി സ്കൂൾ ലെവൽ. മീറ്റിങ്ങില് വന്നാല് ബീഡിവലിച്ച് അങ്ങനെ ഇരിക്കും.'

ഞാൻ കുന്നുമ്മൽ കറപ്പൻ മാഷെക്കുറിച്ച് ചിന്തിച്ചു.

മാഷൊന്നുമായിരുന്നില്ല അദ്ദേഹം. ബലരാമനുള്ള പാർട്ടി ശുപാർശക്കത്ത് കിട്ടാൻവേണ്ടി ഞങ്ങൾ ചെല്ലുമ്പോൾ അദ്ദേഹം പുഴയിൽമുങ്ങി ചേറെടുത്ത് വഞ്ചിയിൽ നിറയ്ക്കുകയായിരുന്നു. കല്ലുകടവിൽ ചെന്നാണ് ഞങ്ങൾ കണ്ടത്. കടവിൽ അദ്ദേഹത്തിന്റെ വസ്തുവഹകളുണ്ട്. കക്ഷത്തുവെക്കുന്ന ഒരു പഴയ ലെതർ ബാഗ്, ചെരിപ്പുകൾ, അലൂമിനിയ ചോറ്റുപാത്രം. ദൂരെ പുഴയ്ക്കു നടുവിൽ വഞ്ചിക്കടുത്ത് അദ്ദേഹത്തിന്റെ തല കാണാനുണ്ട്.

ഞങ്ങളെക്കണ്ട് അദ്ദേഹം കൈയുയർത്തി. പിന്നെ നീന്തിക്കയറിവന്നു. മഞ്ഞകയറിയ ഒരു കച്ചമുണ്ടായിരുന്നു കുന്നുമ്മലിന്റെ വേഷം. നനഞ്ഞുനനഞ്ഞ് ഏതാണ്ട് അലിയാൻ തുടങ്ങിയ മട്ടിലായിരുന്നു ആ കറുത്ത ശരീരം.

കടവിലിരുന്ന് അദ്ദേഹം ഒരു ബീഡികത്തിച്ചു വലിച്ചു. അധികം വർത്തമാനമൊന്നുമില്ല. ബാഗിൽനിന്ന് ലെറ്റർപാഡും പേനയുമെടുത്ത് എഴുതാൻ തുടങ്ങി: ‘ഈ കത്തുമായി വരുന്ന സഖാവ് പി.എം. ബലരാമൻ പാർട്ടിയുടെ ഒരു ഉറച്ച അനുഭാവിയും ബന്ധുവുമാണ്. സഖാവ് ഇവിടത്തെ പുളിക്കടവ് പാർട്ടി ഗ്രൂപ്പിൽ പ്രവർത്തിച്ചിട്ടുണ്ട്.’

ബലരാമൻ എന്നതിനു പകരം ‘ഫലരാമൻ’ എന്നാണ് കുന്നുമ്മൽ തെറ്റായി എഴുതിയിരുന്നത്. തിരിച്ചുനടക്കുമ്പോൾ അതു ചൂണ്ടിക്കാട്ടി അന്നവൻ കുറെ ചിരിച്ചു: ‘ഇനിക്കു വയ്യ.’

ചാരുകസേരയിലിരുന്ന് ബലരാമൻ വീണ്ടും മയക്കംപിടിച്ചു. ഭക്ഷണം കഴിക്കാൻ നേരം വിളിച്ചുണർത്തുകയായിരുന്നു. ഉണ്ണുന്ന സമയത്താണ്

പിന്നെ നാടകീയരംഗങ്ങളുണ്ടായത്. പൂമുഖത്തുതന്നെ ഇലവെച്ചാൽമതിയെന്ന് ബലരാമൻ പറഞ്ഞു. ആവിപറക്കുന്ന ചോറും സാമ്പാറും തോരനും മറ്റും ഉണ്ടായിരുന്നു. തന്റെ ഗ്ലാസ്സും കുപ്പിയും കൈവിടാതെ അവൻ വന്ന് ഇരുന്നു.

'ഇതിനെ പന്തിഭോജനമെന്ന് പറയാം,' അവൻ പറഞ്ഞു.

'ഒരു ചാത്തൻസ്, ഒരു ചെത്തുകത്തി, പിന്നൊരു ജന്മി ദുഷ്പ്പഭുവും,' അവൻ പൊട്ടിച്ചിരിച്ചു.

ഞങ്ങൾ ഊണുതുടങ്ങി. പക്ഷേ, ബലരാമൻ ഇലയ്ക്കുമുന്നിൽ ഇരുന്നതെല്ലാതെ ഭക്ഷണം കഴിക്കാൻ തുടങ്ങിയിരുന്നില്ല. അച്ചാർതൊട്ടു നാവിൽവെച്ചു. പിന്നെ ആ വിരലിലേക്ക് നോക്കിക്കൊണ്ടിരുന്നു. അവൻ ചോദിച്ചു: 'ഇത് നമ്മടെ വടക്കോർത്തെ വടുകപ്പുളി നാരങ്ങ്യല്ലേ, കുഞ്ഞേച്ച്യേ?'

'അതെ. നീയതുകൂട്ടി ഊണുകഴിക്ക്. മോരൊഴിക്കട്ടെ?', ആ സ്ത്രീ ചോദിച്ചു. അതു ശ്രദ്ധിക്കാതെ ബലരാമൻ തുടർന്നു: 'അന്ന് വടുകപ്പുളി മൂത്തത് നോക്കി പൊട്ടിച്ച് വല്യമ്മണ്ടാക്കാറൊള്ള ഒരു നാരങ്ങാക്കറീണ്ട്. ഓ, അതിന്റെ ഒരു രുചി! ശരിക്കുപറഞ്ഞാ അത് കൂട്ടാനും അല്ല, അച്ചാറും അല്ല. അതിന്റേടേലെ ഒരു വക. ചീനച്ചട്ടീല് വെളിച്ചെണ്ണ ഒഴിച്ച് വെരുകീട്ടാണ്ടാക്ക്വാ. ഇപ്പൊ ആരുക്കറിയും അതിന്റെ കൂട്ടൊക്കെ?'

ചോറിനു മുന്നിലിരുന്ന് ബലരാമൻ ഭൂതകാലം അയവിറക്കാൻ തുടങ്ങി: അയാളുടെ അമ്മാവൻ വില്ലേജ് കച്ചേരിയിൽനിന്ന് ജോലികഴിഞ്ഞ് വരുന്നത്, ആളുകൾ ഭവ്യതയോടെ വഴിമാറിനിൽക്കുന്നത്, അമ്മാവൻ

നടന്നുപോകുമ്പോൾ അങ്ങാടി നിശബ്ദമാകുന്നത്...
അവൻ പറഞ്ഞു: 'അന്ന് അമ്മാമൻ പറഞ്ഞാ അതാ പുളിക്കടവിലെ നെയമം!'

കനകാംബരം എന്ന സ്ത്രീ പൊട്ടിക്കരഞ്ഞു: 'നേരംത്ര്യായി. ഒരു വറ്റ് വായേല് ചെന്നട്ടുണ്ടോന്ന് നോക്ക്വാ? ഇങ്ങനെപ്പോയാല് ഇതെവടെച്ചെന്നാ അവസാനിക്ക്യാ ന്റെ കൊമരംചെറക്കാവിലമ്മേ...'

അന്നേരം ശിവരാമൻ അവരെ സമാധാനിപ്പിച്ചു: 'ചേച്ചി വെഷമിക്കാണ്ടിരിക്ക്.'

ശിവരാമന്റെ ആ വാചകമാണ് പിന്നീടുണ്ടായ ഭൂകമ്പത്തിനു കാരണമായത്. ബലരാമന്റെ ഭാവം പെട്ടന്ന് മാറി. മുഖംകോട്ടി കൊഞ്ഞനം കാണിച്ച് അവൻ ശിവരാമനെ വികൃതമായി അനുകരിച്ചു: 'ചേച്ചി വെഷമിക്ക്യാണ്ടിരിക്ക്! ആരടെ ചേച്ചി? പെലമാടല്ല ഇത്. അറിയ്യോ?'

ബലരാമൻ എഴുന്നേറ്റു. ഒന്നു ചെരിഞ്ഞപ്പോൾ ഇലയിലെ ചോറിൽ ചവിട്ടിയാണ് ബാലൻസ് ചെയ്തത്. അതോടെ അവൻ വഴുതിവീണു. കുപ്പിയും ഗ്ലാസും തറയിൽവീണു പൊട്ടി.

ഞങ്ങൾ ഊണവസാനിപ്പിച്ച് എഴുന്നേറ്റ് കൈകഴുകി. ചിതറിയ ചോറും പൊട്ടിയ ഗ്ലാസിന്റെ കഷ്ണങ്ങളും പൂമുഖത്ത് ചിതറിക്കിടന്നു. മദ്യത്തിന്റെ ഗന്ധവും. ആ പാവം സ്ത്രീ കരച്ചിലവസാനിപ്പിച്ച് അകത്തേക്ക് പോയിരുന്നു. ശിവരാമൻ മുറ്റത്തിറങ്ങി നിൽക്കുകയായിരുന്നു. അവൻ ഒന്നു പരിഭ്രമിച്ച മട്ടുണ്ട്.

തെല്ലുകഴിഞ്ഞ് ബലരാമൻ പറഞ്ഞു: 'ക്ഷമിക്കണം.

എന്റെ മനസ്സത്ര ശരിയല്ല. എന്തൊക്കെയോ വിചാരങ്ങൾവന്നലട്ടുന്നു. ആത്മാവിനകത്ത് ഒരു കടൽ കിടന്ന് ഇരമ്പുകയാണ്. ജന്മശാപമെന്നൊന്നുണ്ട്. അതിൽനിന്നു മനുഷ്യന് മോചനമില്ല.'

കുറച്ചുസമയം അവൻ നിശബ്ദനായി ഇരുന്നു. പിന്നെ തേങ്ങിക്കരഞ്ഞു. പതുക്കെയെഴുന്നേറ്റ് മുറ്റത്തിറങ്ങിച്ചെന്ന് ശിവരാമന്റെ കാലുകളിൽ തൊട്ട് നമസ്കരിച്ചു.

എന്നോടു തിരിഞ്ഞ് അവൻ പറഞ്ഞു: 'നിങ്ങൾ വന്നതു നന്നായി. ഞാനെന്ന ഈ പ്രേതാത്മാവിനെക്കുറിച്ച് നിങ്ങൾ എഴുതണം. ഒന്നാന്തരമൊരു ദുരന്തകഥയാവും അത്.'

ഞാൻ മറുപടി പറഞ്ഞില്ല. വൈകാതെ ഞങ്ങൾ തിരിച്ചുപോന്നു.

* * *

## അശോകൻ ചരുവിൽ



1957-ൽ
തൃശ്ശൂർ ജില്ലയിലെ കാട്ടൂരിൽ ജനിച്ചു.

രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥനും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗവുമായിരുന്നു.

പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന ജനറൽ സെക്രട്ടറിയാണ്.

സൂര്യകാന്തികളുടെ നഗരം, പരിചിതഗന്ധങ്ങൾ, ഒരു രാത്രിക്ക് ഒരു പകൽ, മരിച്ചവരുടെ കടൽ, ദൈവവിശ്വാസത്തെക്കുറിച്ച് ഒരു ലഘുപന്യാസം, കാട്ടൂർക്കടവിലെ ക്രൂരകൃത്യം, ആമസോൺ, അശോകൻ ചരുവിലിന്റെ കഥകൾ, തെരഞ്ഞെടുത്ത കഥകൾ (കഥാസമാഹാരം), ക്ലർക്കുമാരുടെ ജീവിതം, ജലജീവിതം, കടൽക്കരയിലെ വീട് (നോവലെറ്റ്), കങ്കാരുനൃത്തം, കറപ്പൻ (നോവൽ), കഥകളിലെ വീട്, ചിമ്മിനി വെളിച്ചത്തിൽ പ്രകാശിക്കുന്ന ലോകം, ദൈവം കഥ വായിക്കുന്നുണ്ട്, കഥയുടെ മറുകര, കഥയറിയാതെ, എഴുത്തിന്റെ വെയിലും നിലാവും (ഉപന്യാസം).

ചെറുകാട് അവാർഡ്, ഇടശ്ശേരി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, മുട്ടത്തുവർക്കി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഭാര്യ : രഞ്ജിനി. മക്കൾ : രാജ, ഹരികൃഷ്ണൻ.